शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

**402**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2015-16

## മലയാളം

**സ്റ്റാൻഡേർഡ് - IV** **സമയം : 2 മണിക്കൂർ**

കുട്ടിയുടെ പേര് ...................................................................

വിദ്യാലയത്തിന്റെ പേര് ...........................................................

രക്ഷിതാവിന്റെ ഒപ്പ് ...............................................................

അധ്യാപകന്റെ ഒപ്പ് .................................................................

| നം. | പ്രവർത്തനം | നിലവാര സൂചിക |
|---|---|---|
| 1 | കുറിപ്പെഴുതാം | |
| 2 | പോസ്റ്റർ തയ്യാറാക്കാം | |
| 3 | ആസ്വാദനക്കുറിപ്പ് എഴുതാം | |
| 4 | ചൊല്ലുകൾ വ്യാഖ്യാനിക്കാം | |
| 5 | വിവരണം തയ്യാറാക്കാം | |
| | ഗ്രേഡ് | |

**പ്രവർത്തനം 1**

**കുറിപ്പെഴുതാം**

ഓണവുമായി ബന്ധപ്പെട്ട നിരവധി കഥകളും കവിതകളും നാം പഠിച്ചിട്ടുണ്ട്. പ്രകൃതിയും, മനുഷ്യരും മനസ്സുനിറഞ്ഞ് ആനന്ദിക്കുന്ന ഓണക്കാലം കവികൾക്കും കഥാകാരന്മാർക്കും എക്കാലവും തങ്ങളുടെ രചനകൾക്ക് വിഷയമാകാറുണ്ട്. ഇത്തരം ഒരു കവിതയാണ് താഴെ കൊടുത്തിട്ടുള്ളത്.

**വിടരാത്ത ഓണപ്പൂക്കൾ**

കുട്ടികളെത്തി കുറ്റിക്കാട്ടിൽ-
പ്പൊട്ടിവിടർന്നു പൊന്നോണം
നടുമുറ്റത്തുള്ളോണത്തപ്പ-
ന്നട നേദിച്ചു മുത്തശ്ശി.
മിഴിയിണ മാതാവേകിയ മഷികൊ-
ണ്ടെഴുതി,ക്കറുകപ്പൂച്ചൂടി
കാമിനി പെട്ടി തുറന്നിട്ടേകിയ
കോടിയലക്കിയ മുണ്ടോടെ,
വെളിയിലിറങ്ങി നടന്നേൻ, പൊന്നിള
വെയിലിൽ പൂക്കും മനമോടെ
ആനന്ദിക്കുകയില്ലേയിപ്പൊ-
ന്നോണക്കാലത്തെല്ലാരും?
ഇന്നാണല്ലോ പാതാളം വി-
ട്ടിങ്ങോട്ടെത്തുക മാവേലി

(ഒളപ്പമണ്ണ)

1. കവിത വായിച്ചല്ലോ? കവിതയിലെ ആശയം ഉൾപ്പെടുത്തി ഒരു കുറിപ്പു തയ്യാറാക്കുക?

കവിതയിൽ അടിവരയിട്ട പദങ്ങൾ പിരിച്ചെഴുതുക.

മിഴിയിണ -

വെളിയിലിറങ്ങി -

**പ്രവർത്തനം 2 - പോസ്റ്റർ നിർമ്മിക്കാം**

സ്വന്തം തൊടിയിലെ കാർഷിക വിളകളെ ഇലയായും കായായും പൂവായും ആഹാരമാക്കിയിരുന്ന മലയാളി കഴിച്ചിരുന്നതെല്ലാം മായം കലരാത്ത അമൃതായിരുന്നുവെന്ന് നമുക്ക് മനസ്സിലായല്ലോ? പക്ഷെ ഇന്ന് വിഷം തളിച്ച പച്ചക്കറികളെക്കുറിച്ചും മായം കലർന്ന മറ്റ് ഭക്ഷ്യവസ്തുക്കളെക്കുറിച്ചുമുള്ള വാർത്തകൾ നമ്മെ പ്രയാസപ്പെടുത്തുന്നുണ്ട്.

പോഷക സമൃദ്ധമായ നമ്മുടെ നാടൻ ഭക്ഷ്യവസ്തുക്കളെയും രീതികളെയും പ്രോത്സാഹിപ്പിക്കാനും, പ്രചരിപ്പിക്കാനും സഹായിക്കുന്ന ഒരു പോസ്റ്റർ തയ്യാറാക്കുക.

* മുള്ളുണ്ട് മുരിക്കല്ല
കയ്പുണ്ട് കാഞ്ഞിരമല്ല."
കടങ്കഥയ്ക്കുത്തരം എന്താണ്?

* ഭക്ഷ്യവസ്തുക്കൾ ഉത്തരമായി വരുന്ന ഒരു കടങ്കഥ എഴുതുക.

കടങ്കഥ

ഉത്തരം

പ്രവർത്തനം 3

## ആസ്വാദനക്കുറിപ്പ് തയ്യാറാക്കാം.

അക്ബർ ചക്രവർത്തിയുടെ സദസ്സിലെ വിദൂഷകനായിരുന്നു ബീർബൽ അദ്ദേഹത്തിന്റെ ബുദ്ധിവൈഭവം പ്രസിദ്ധമായിരുന്നു. കൊട്ടാരത്തിൽ എത്തുന്ന നിരവധി പരാതികൾക്ക് തന്റെ ബുദ്ധിസാമർത്ഥ്യം ഉപയോഗിച്ച് അദ്ദേഹം പരിഹാരം കണ്ടെത്തിയിരുന്നു. ബീർബലിന്റെ ഇത്തരം കഥകൾ പ്രസിദ്ധമാണ്. അങ്ങനെ ഉള്ള ഒരു കഥയാണ് ചുവടെ കൊടുത്തിട്ടുള്ളത്.

### സ്വപ്നത്തിലെ കടം

ധനികനായ കനകറാമും ദരിദ്രനായ ചമൻലാലും അയൽക്കാരാണ്. ഒരുനാൾ ചമൻലാൽ ഒരു സ്വപ്നം കണ്ടു. കനകറാമിൽ നിന്നും നൂറു സ്വർണനാണയങ്ങൾ കടം വാങ്ങുന്നതും അതുകൊണ്ട് നല്ല വസ്ത്രങ്ങൾ വാങ്ങുന്നതും നല്ല ഭക്ഷണം കഴിച്ചു സുഖമായിരിക്കുന്നതുമായിരുന്നു സ്വപ്നം. ശുദ്ധഗതിക്കാരനായ ചമൻലാൽ ഈ വിവരം പിറ്റേന്ന് കനകറാമിനെ കണ്ടപ്പോൾ അറിയിക്കുകയുണ്ടായി.

"എങ്കിൽ ആ സ്വർണനാണയങ്ങൾ തിരിച്ചു തന്നേക്ക്" എല്ലാം കേട്ടുകഴിഞ്ഞപ്പോൾ കനകറാം ഗൗരവത്തിൽ അറിയിച്ചു.

"ഞാൻ സ്വപ്നത്തിലല്ലേ കടം വാങ്ങിച്ചത്?" ചമൻലാൽ മിഴിച്ചു നിന്നുപോയി.

"സ്വപ്നത്തിലായാലും കടം കടം തന്നെയാണ്. അത് തിരിച്ചു തന്നേ മതിയാവൂ." കനകറാം തറപ്പിച്ചു പറഞ്ഞു. പ്രശ്നം അക്ബർ ചക്രവർത്തിയുടെ മുന്നിലെത്തി. ഇതിനൊരു തീർപ്പു കൽപ്പിക്കാൻ ചക്രവർത്തി ബീർബലിനെയാണ് ചുമതലപ്പെടുത്തിയത്.

ബീർബൽ ഒരു കണ്ണാടിയും നൂറു സ്വർണനാണയങ്ങളും കൊണ്ടുവരാൻ ആവശ്യപ്പെട്ടു.

കണ്ണാടിക്കു മുന്നിൽ സ്വർണനാണയങ്ങൾ കൂട്ടിയിട്ടു. കണ്ണാടിയിൽ കാണുന്ന സ്വർണനാണയങ്ങൾ എടുത്തുകൊള്ളാൻ കനകറാമിനോട് ബീർബൽ ആവശ്യപ്പെട്ടു.

"അതെങ്ങനെ പറ്റും?" കനകറാം ചോദിച്ചു.

"സ്വപ്നത്തിലെ കടം വീട്ടാൻ കണ്ണാടിയിലെ പണം മതിയാകും." ബീർബൽ പറഞ്ഞു.

കനകറാം തന്റെ അപരാധത്തിനു മാപ്പിരന്നു. "നിങ്ങൾ നൂറു സ്വർണനാണയം ഈ പാവത്തിനു നൽകണം. അതാണ് നിങ്ങൾക്കുള്ള ശിക്ഷ." ബീർബൽ തീർപ്പു കൽപ്പിച്ചു.

ചക്രവർത്തി ഉൾപ്പെടെ സദസ്സിലുള്ളവരെല്ലാം ബീർബലിനെ വാനോളം പുകഴ്ത്തി.

കഥ വായിച്ചല്ലോ? ഈ കഥയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

കഥയിൽ അടിവരയിട്ട പദങ്ങൾ ശ്രദ്ധിച്ചല്ലോ ? അവ സൂചിപ്പിക്കുന്നത് ആരെയാണ്?

ഞാൻ

നിങ്ങൾ

പ്രവർത്തനം 4

**ചൊല്ലുകൾ വ്യാഖ്യാനിക്കാം.**

"അന്ന വിചാരം മുന്ന വിചാരം
പിന്നെ വിചാരം കാര്യ വിചാരം."

"ഇരുന്നുണ്ടവൻ രുചിയറിയില്ല.
കിളച്ചുണ്ടവൻ രുചിയറിയും."

1. മുകളിൽ കൊടുത്ത ചൊല്ലുകൾ വായിച്ചല്ലോ? അവ ഓരോന്നും എന്താണ് അർത്ഥമാക്കുന്നതെന്ന് വിശദമാക്കുക.

2. ഇത് പോലെയുള്ള ഒരു ചൊല്ല് എഴുതുക.